കുറേ നാൾ ഉപയോഗിച്ചശേഷം വലിച്ചെറിയാനുള്ളവയല്ല ഫൗണ്ടൻപേനകൾ. പഴയ പേനകൾ വാങ്ങാൻ ആളുണ്ട്; അവയ്ക്കു നല്ല വില കിട്ടുകയും ചെയ്യും. 1930-കളിൽ അഞ്ചു ഷില്ലിങ്ങ് വിലയുണ്ടായിരുന്ന പഴയ പേനകൾക്ക് ഇപ്പോൾ ലണ്ടൻ മാർക്കററിൽ അറുപതു പവൻവരെ വിലയുണ്ടത്രേ. ഫൗണ്ടൻ പേന റിപ്പയർചെയ്യുന്ന കടകളും പൂട്ടിപ്പോയിട്ടൊന്നുമില്ല. 'പെൻഹോസ്പിററൽ' എന്ന പേരിലാണ് ഇത്തരം കടകൾ അറിയപ്പെടുന്നതു്. ഈ പേരിന്റെ സൂചന വ്യക്തമാണ്; കേടുവന്ന പേനകൾ നന്നാക്കാനുള്ളവയാണ്, വലിച്ചെറിയാനുള്ളവയല്ല!

ഇന്ത്യയിൽ ഇപ്പോൾ നല്ല വാച്ചുകൾ ധാരാളമായി ഉണ്ടാക്കിവരുന്നുണ്ട്. പക്ഷേ, നല്ല ഒരു ഇന്ത്യൻ ഫൗണ്ടൻപേന ഇനിയും ഒരു സ്വപ്നമായി അവശേഷിക്കുന്നു. സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ പേനമാർക്കററ് അടക്കി വാഴുന്നതു് വില കുറഞ്ഞ ചൈനീസ് പേനകളാണ്.

സ്റ്റാമ്പുശേഖരണംപോലെ രസകരമായ ഒരു ഹോബിയാണ് പേനശേഖരണം. എന്റെ അറിവിൽപെട്ടിടത്തോളം ഏററവും വലുതും വൈവിധ്യപൂർണവുമായ പേനശേഖരമുള്ളതു്, എഴുത്തുകാരനും മുൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പലും ആയ കോഴിക്കോട്ടെ ഡോക്ടർ കെ. മാധവൻകുട്ടിയുടെ കൈയിലാണ്.

(6 മാർച്ച്, 1988)

## 105. അച്ചിക്കോന്തന്മാർ

എല്ലാവർക്കും എല്ലാവരെയും അറിയാമായിരുന്ന ഞങ്ങളുടെ ഉൾനാട്ടിൽ 'ഗോവിന്ദൻനായർ' എന്നു കേട്ടാൽ ഉടനെ ചോദ്യം വരും, 'ഏതു് ഗോവിന്ദൻ നായർ?' കാരണം അച്ഛനും അമ്മയും ഇട്ട പേരിൽ അയാളെ ആരും അറിഞ്ഞിരുന്നില്ല. അതേസമയം, നാട്ടുകാർ അയാൾക്കു നൽകിയ 'അച്ചിക്കോന്തൻ നായർ' എന്നപേരിൽ അയാളെ അറിയാത്തവരായി ആരുംതന്നെ ഉണ്ടായിരുന്നുമില്ല.

'ഗോയിന്നാരേ, പൂവാലിപ്പയ്യിനെ പുറത്തു കടത്തി കെട്ടൂ' എന്ന കല്യാണിയമ്മയുടെ ആജ്ഞ കേട്ടുകൊണ്ടാണ് അയൽപക്കം ഉണരുന്നതു്. കല്യാണിയമ്മയ്ക്കു് ഒരു രഹസ്യവുമില്ല. എല്ലാ സംസാരവും ഉറക്കെയുറക്കെയാണ്. അയൽപക്കത്തു മുഴുവൻ കേൾക്കാം.

പുലരുംമുമ്പ് കല്യാണിയമ്മയ്ക്കു പശുവിനെ കറക്കണം. പക്ഷേ, തൊഴുത്തിൽ കടക്കാൻ കല്യാണിയമ്മ തയ്യാറല്ല. ചാണകം ചവുട്ടേണ്ടിവന്നാലോ? അതുകൊണ്ടു പശുവിനെ പുറത്തു കടത്തി കെട്ടുവാൻ കല്യാണിയമ്മ ഭർത്താവിനോടു് ആവശ്യപ്പെടുന്നു. അനുസരണയുള്ള ഭർത്താവു് അങ്ങനെ ചെയ്യുന്നു. പക്ഷേ, അല്പം മന്ദബുദ്ധി ആയതുകൊണ്ടോ എന്തോ, ഇതു് അയാൾക്കൊരു ശീലമായിത്തീരുന്നില്ല. അതിനാൽ എല്ലാ ദിവസവും രാവിലെ കല്യാണിയമ്മയ്ക്കു 'ഗോയിന്നാരേ!' എന്നു തുടങ്ങുന്ന കല്പന ആവർത്തിക്കേണ്ടിവരുന്നു.

പിന്നെ കല്പനകൾ തുരുതുരെ വരുന്നു. 'ഗോയിന്നാരേ, തൊഴുത്തിലെ ചാണകം വാരി കളയൂ,' ഗോയിന്നാരേ, പൂവാലിപ്പയ്യിനെ തൊഴുത്തിൽ കടത്തിക്കെട്ടൂ', 'ഗോയിന്നാരേ, പൂവാലിപ്പശുവിനു വൈക്കോൽ ഇട്ടുകൊടുക്കൂ', 'ഗോയിന്നാരേ, കാലും മുഖവും കഴുകി കഞ്ഞികുടിക്കാൻ വരൂ.' ഗോവിന്ദൻ നായർ–കല്യാണിയമ്മ ദമ്പതിമാർക്കു കുട്ടികളില്ലാത്തതിനാൽ, 'ഗോയിന്നാരേ, കുട്ടികളെ സ്കൂളിൽ കൊണ്ടാക്കൂ' എന്നു് കല്യാണിയമ്മയ്ക്കു പറയേണ്ടിവരാ

റില്ല. കല്പന എന്തായാലും ഒരു മുറുമുറുപ്പുംകൂടാതെ ഗോവിന്ദൻനായർ അനുസരിക്കാറുണ്ടായിരുന്നു എന്നതിൽ സംശയമില്ല.

മുറുമുറുപ്പ് അയൽക്കാരായ ഞങ്ങൾക്കായിരുന്നു. 'ഈയാൾ ഒരു പുരുഷനായിട്ട് എന്തിനാ ആ സ്ത്രീയുടെ കല്പനകൾക്കെല്ലാം എറാൻ മൂളുന്നത്'?' എന്ന് ഞങ്ങൾ പരസ്പരം ചോദിച്ചുവന്നു. ഒടുവിൽ ഞങ്ങൾ അയാളെ 'അച്ചിക്കോന്തൻനായർ' എന്നു വിളിക്കാനും തുടങ്ങി. ആദ്യമാദ്യം അയാൾ കേൾക്കാതെ രഹസ്യമായിട്ടായിരുന്നു ഈ പരാമർശം. പിന്നീടതു പരസ്യമായി. അയാളെ നേരിട്ടുതന്നെ 'അച്ചിക്കോന്തൻനായരേ!' എന്നു വിളിക്കാൻ ശങ്കയില്ലാതായി. ആ പേര് ഗോവിന്ദൻനായരിൽ ഒരു ഭാവഭേദവും ഉളവാക്കിയില്ല. 'എന്തോ!' എന്ന് അയാൾ വിളികേൾക്കും. പക്ഷേ, കല്യാണിയമ്മ കേൾക്കെ അയാളെ 'അച്ചിക്കോന്തൻനായർ' എന്നു വിളിക്കാൻ ഞങ്ങളാരും ധൈര്യപ്പെട്ടില്ല. തേച്ചാലും കുളിച്ചാലും പോവാത്ത വിധത്തിൽ കണക്കിനു ശകാരിക്കാൻ കല്യാണിയമ്മയ്ക്കറിയാമെന്നു ഞങ്ങൾ അനുഭവത്തിലൂടെ പഠിച്ചിരുന്നു.

വീട്ടിനകത്ത് എന്തെങ്കിലും പണി പുരുഷന്മാർ ചെയ്യുന്നതു വിലക്കറേവാണെന്നാണ് നമ്മുടെയൊക്കെ ധാരണ. അത്തരം പണികളെല്ലാം സ്ത്രീകൾക്കുള്ളതാണ്. പാചകം സ്ത്രീകൾ ചെയ്യണം. ഭക്ഷിക്കുകയേ പുരുഷന്മാർ ചെയ്യാവൂ. ഭക്ഷണംകഴിഞ്ഞാൽ പ്ലേയ്റ്റുകൾ സ്ത്രീകൾ കഴുകിക്കൊള്ളണം. പാത്രം തേയ്ക്കുക, വീട് അടിച്ചുവാരി കഴുകിത്തുടച്ചു വൃത്തിയാക്കുക, തുണി അലക്കുക, ഇസ്തിരിയിടുക, കടയിൽ പോയി റേഷൻ വാങ്ങുക—അങ്ങനെ സ്ത്രീകൾമാത്രം ചെയ്യേണ്ടതും പുരുഷന്മാർ ചെയ്താൽ ചെയ്യുവർക്ക് അപമാനം വരുത്തിവയ്ക്കുന്നതുമായ പണികൾ ഒട്ടുവളരെയാണ്. ചെറിയ കുട്ടികൾക്കു വീട്ടുപാഠങ്ങൾ പറഞ്ഞുകൊടുക്കുന്ന ജോലികൂടി സ്ത്രീകളേ ചെയ്യാവൂ.

സ്ത്രീ പുറത്തിറങ്ങാതെ വീട്ടമ്മയായി കഴിഞ്ഞ കാലത്ത് ഈ മനോഭാവത്തിന് എന്തെങ്കിലും സാധൂകരണമുണ്ടായിരുന്നു എന്നുവെക്കുക. ഇപ്പോൾ സ്ത്രീയുടെ സ്ഥിതി അതാണോ? പഠിച്ചു പരീക്ഷകൾ പാസ്സാകുന്നതിൽ ആൺകുട്ടികളെക്കാൾ മുമ്പിലാണ് പെൺകുട്ടികൾ. വീട്ടിനു പുറത്ത്, സർക്കാരിലായാലും സ്വകാര്യസ്ഥാപനങ്ങളിലായാലും, ജോലികൾ തേടി കണ്ടുപിടിക്കുന്ന കാര്യത്തിൽ യുവാക്കളോടൊപ്പം യുവതികളും മത്സരിക്കുന്നു. പല കുടുംബങ്ങളിലും വീട്ടുചിലവ് നടന്നുപോകുന്നതു് സ്ത്രീകളുടെ സമ്പാദ്യംകൊണ്ടാണ്. എന്നിട്ടും വീട്ടുജോലികൾ സ്ത്രീകളുടെ ബാദ്ധ്യതയാണെന്ന നില തുടരുന്നതു് ഒരു കാലഗണനാപ്രമാദംതന്നെ.

ഉദ്യോഗമുള്ള വീട്ടമ്മമാരുടെ വീടുകളിൽ രാവിലെ ചെന്നു നോക്കുക. അതിരാവിലെ ഭർത്താവും കുട്ടികളും ഉറങ്ങിക്കൊണ്ടിരിക്കെ വീട്ടമ്മ എഴുന്നേല്ക്കുന്നു; പുലരുംമുമ്പ് പാചകം ഉൾപ്പെടെ വീട്ടുജോലികൾ മുഴുവൻ ചെയ്യുന്നു. കിടക്കയിൽ കാപ്പി എത്തിയില്ലെങ്കിൽ ഭർത്താവും കുട്ടികളും എഴുന്നേല്ക്കില്ലെന്ന് അവൾക്കറിയാം. അവർ എഴുന്നേററ് പ്രഭാതകൃത്യങ്ങൾ കഴിച്ചു വരുമ്പോഴേക്കും അവൾ പ്രാതൽ തയ്യാറാക്കിയിരിക്കണം. ഓരോരുത്തർക്കും വേണ്ടതു് ഓരോ വിഭവമാണ്. ഭർത്താവിനു് ബ്രെഡ് എഗ്സ്, ഇളയ മകനു് ഓംലെററ്, മകൾക്കു് ഇഡ്ഡലി, ഭർത്താവിന്റെ അമ്മയ്ക്കു് പൊടിയരിക്കഞ്ഞിയും ചുട്ട പപ്പടവും. തങ്ങൾ ആവശ്യപ്പെടുന്ന വിഭവം കിട്ടിയില്ലെങ്കിൽ എല്ലാവരുടെയും മുഖങ്ങൾ വീർക്കും.

പ്രാതൽ കഴിയുമ്പോഴേക്ക് എല്ലാവർക്കും പുറപ്പെടാൻ ധൃതിയായി. അപ്പോഴാണ് ഭർത്താവിന്റെ ഷർട്ടിൽ ഇസ്തിരിയിട്ടിട്ടില്ല. മകന്റെ ട്രൗസറിൽ മൂന്നു കുടുക്കുകൾ കാണാനില്ല. മകളുടെ പാവാട തലേന്ന് അലക്കിയതു് ഉണങ്ങിയിട്ടില്ല. ലഞ്ച്ബോക്സ് കഴുകിയിട്ടില്ല. പുസ്തകങ്ങൾ എവിടെയെന്ന് അറിഞ്ഞുകൂടാ. ആകെ ബഹളംതന്നെ.

എല്ലാവരും പൊയ്ക്കഴിഞ്ഞാൽ വീട്ടമ്മ മുഖം കഴുകി, ഉടുത്തൊരുങ്ങി, കുടയും ഉച്ചഭക്ഷണവുമെടുത്ത് ഓട്ടമാണ്. ബസ്സ് പോയിരിക്കുമോ? പോയാൽ ഇന്നും

സ്കൂളിലെത്താൻ വൈകും. അറ്റൻഡൻസ് രജിസ്റ്റർ ഹെഡ്മാസ്റ്ററുടെ മേശയിൽ എത്തിക്കഴിഞ്ഞിരിക്കും.

ഇനി വൈകുന്നേരമോ? ബസ്സിൽ തൂങ്ങിനിന്നു തളർന്നു വീട്ടിലെത്തിയ വീട്ടമ്മയ്ക്ക് ഒരുനിമിഷം വിശ്രമിക്കാൻ ഇടകിട്ടുമോ? എന്തും തിന്നാനുള്ള വിശപ്പോടെയാണു കുട്ടികളുടെ വരവ്. വയറു നിറയെ ഭക്ഷണം കഴിച്ച് അവർക്കു കളിക്കാൻ പോകണം. ഭർത്താവോ? ഭർത്താവു ഭക്ഷണം കഴിച്ച് ഒന്നുകിൽ ചാരുകസേരയിൽ കിടന്നു പുകവലിക്കും; അല്ലെങ്കിൽ ചീട്ടുകളിക്കാൻ ക്ലബ്ബിൽ പോവും. പകൽ പണിയെടുത്തു ക്ഷീണിച്ച അയാൾക്കു മനസ്സിന് എന്തെങ്കിലും വിനോദമാവശ്യമാണ്. വീട്ടമ്മയ്ക്കോ? വീട്ടമ്മയ്ക്കു വീട്ടുപണിയാണു വിശ്രമം; അതുതന്നെ വിനോദവും. കളി കഴിഞ്ഞു കുട്ടികളും ക്ലബ്ബിൽനിന്നു ഭർത്താവും വരുന്നതിനുമുമ്പു പാചകമെന്ന വിശ്രമവും അലക്കുപണിയെന്ന വിനോദവും മതിയാവോളം അവൾക്ക് അനുഭവിക്കാം!

യൂറോപ്പിൽ സ്ത്രീവിമോചനപ്രസ്ഥാനത്തിന്റെ ഒരു ലക്ഷ്യം വീട്ടുപണികൾ പുരുഷന്റെകൂടി ബാധ്യതയാക്കുക എന്നതാണ്. ഗർഭപ്രസവാദിപീഡകൾ സ്ത്രീ തനിയെ അനുഭവിക്കാതെ തരമില്ല. എന്നാൽ, എന്തുകൊണ്ടു വീടു വൃത്തിയാക്കലും പാചകവും അലക്കുംപോലുള്ള ഗൃഹകൃത്യങ്ങളിൽ സ്ത്രീയോടൊപ്പം പങ്കാളിത്തം പുരുഷനും ഉണ്ടായിക്കൂടാ?

വീട്ടുപണികളിൽ പുരുഷനുള്ള പങ്കാളിത്തത്തെപ്പറ്റി ഈയിടെ പടിഞ്ഞാറെ ജർമനിയിൽ 'ബ്രിജിത്ത്'' എന്ന വനിതാമാസിക ഒരു സർവേ നടത്തി. സ്ത്രീയും പുരുഷനും ഒന്നിച്ചു താമസിക്കുന്ന കുടുംബങ്ങളിൽ തൊണ്ണൂറ്റിരണ്ടു ശതമാനം പുരുഷന്മാരും ഒരു വീട്ടുപണിയും ചെയ്യുന്നില്ലായെന്ന് ഈ സർവേ വെളിപ്പെടുത്തി. വകതിരിച്ചു പറഞ്ഞാൽ എൺപതിനാലു ശതമാനം പുരുഷന്മാരും തുണി ഇസ്തിരിയിടുന്നില്ല; എഴുപത്തൊമ്പതു ശതമാനം പുരുഷന്മാരും തുണി അലക്കുന്നില്ല; എഴുപത്തിമൂന്നു ശതമാനം പുരുഷന്മാരും ജനലിലെ മാറാലയും പൊടിയും തുടയ്ക്കുന്നില്ല; അറുപത്തിനാലു ശതമാനം പുരുഷന്മാരും കുളിത്തൊട്ടി വൃത്തിയാക്കുന്നില്ല.

'ഇതിലൊന്നും ഒരു അത്ഭുതവുമില്ല' എന്നാണു മാസിക പറയുന്നത്. പുരുഷമേധാവിത്വം ആയിരത്താണ്ടുകളായി തുടർന്നുവരുന്നതാണ്. അതിന്റെ അടിത്തറയിളക്കാൻ സ്ത്രീവിമോചനപ്രസ്ഥാനം ഇനിയുമെത്രയോ വർഷങ്ങളോളം അദ്ധ്വാനിക്കേണ്ടിവരും.

'പാവങ്ങൾ ആണുങ്ങൾ! അവർക്കു വീട്ടുപണി അറിഞ്ഞുകൂടാഞ്ഞിട്ടാണ്. ആദ്യമായി അവരെ വീട്ടുപണി പഠിപ്പിക്കുകയാണു വേണ്ടത്'' എന്നു കരുതുന്ന വനിതാവിമോചനവാദികളും ഇല്ലായ്കയില്ല. പടിഞ്ഞാറെ ജർമനിയിലെ 'ലാൻഗെൻ' എന്ന നഗരത്തിൽ ഇങ്ങനെ കരുതുന്ന എട്ടു സ്ത്രീകൾ ചേർന്നു പുരുഷന്മാരെ വീട്ടുജോലികൾ പഠിപ്പിക്കാനുള്ള ഒരു പരിശീലനപരിപാടി 1987–ൽ ആരംഭിച്ചു. ഇതൊരു സായാഹ്ന പരിശീലനപദ്ധതിയായിരുന്നു. ഏതാനും പത്രപ്രതിനിധികളടക്കം കുറെ പുരുഷന്മാർ ഈ പരിപാടിയിൽ ചേർന്നു വീട്ടുപണികൾ പഠിച്ചു.

'ഓ, അതൊക്കെ അത്ര പഠിക്കാനുണ്ടോ?' എന്നാവാം നിങ്ങളുടെ ചോദ്യം. ശരി, ഈ ബക്കറ്റിലെ സോപ്പുവെള്ളത്തിൽ ഇട്ട സ്പോഞ്ജ് എടുത്ത് ആ ജനൽക്കതകിലെ പൊടി തുടയ്ക്കൂ. കുത്തനെയോ ചെരിച്ചോ ഋജുരേഖയിലല്ലേ നിങ്ങൾ തുടയ്ക്കുന്നത്? ഇതു സമയം നഷ്ടപ്പെടുത്തും; കൂടുതൽ അദ്ധ്വാനിക്കുകയുംവേണം. മുകളിൽനിന്നു ചുവട്ടിലേക്കു പാമ്പിനെപ്പോലെ വളഞ്ഞ രേഖകളായി തുടയ്ക്കുക. പണി വേഗം കഴിയും. ഫലവും കൂടുതൽ മെച്ചമായിരിക്കും. ഇതുപോലെ അലക്കിനും, പാചകത്തിനും, ഇസ്തിരിയിടലിനും, ഉടുപ്പിൽ ബട്ടൻ തുന്നുന്നതിനും, പൂച്ചെടികൾ വളർത്തുന്നതിനും എല്ലാമുണ്ടു ശാസ്ത്രീയങ്ങളായ ലഘുമാർഗങ്ങൾ.

കനത്ത ഫീസ് വസൂൽചെയ്തിട്ടും പരിശീലനപരിപാടി വിജയമായി.

ഇരുപത്തഞ്ചുമുതൽ അറുപത്തഞ്ചുവരെ വയസ്സുള്ളവരായിരുന്നു വിദ്യാർത്ഥികൾ. അവരിൽ പെൻഷൻപററിയവർ, കമ്പനി എക്സിക്യൂട്ടീവുകൾ, അദ്ധ്യാപകർ അങ്ങനെ പലതരക്കാർ ഉണ്ടായിരുന്നു. ഈ പരിപാടിയെപ്പററിയുള്ള വിവരങ്ങൾ ഏഴ് റേഡിയോസ്റ്റേഷനുകൾ പ്രക്ഷേപണംചെയ്തു.

വീട്ടുപണികൾ ചെയ്യാത്തതിനു പുരുഷന്മാരെമാത്രം കുററപ്പെടുത്തിക്കൂടെന്നാണു ചില ജർമൻകാരികളുടെ അഭിപ്രായം. വീട്ടുപണി തങ്ങളുടെ അവകാശമാണെന്ന് ഇപ്പോഴും സ്ത്രീകൾ കരുതുന്നുണ്ടത്രേ. പുരുഷന്മാർ അവയിൽ സഹകരിക്കുന്നതു പല സ്ത്രീകൾക്കും ഇഷ്ടമല്ല.

മറിച്ച് മിക്ക സ്ത്രീകൾക്കും ഒരിക്കലും ഒടുങ്ങാത്ത മല്ലുവേലയാണ് 'വീട്ടുപണി. 'അവൾക്കു പാത്രം കഴുകാനും നിലം തുടയ്ക്കാനും തുണി അലക്കാനുമല്ലാതെ മററൊന്നിനും നേരമില്ല' എന്നു പരാതി പുരുഷനും. 'വീട്ടുപണി പരിശീലനപ്പരിപാടി'യിൽ ഇരുവരും ചേരുമ്പോഴാണത്രേ എന്തൊരു രസകരമായ അനുഭവമാണു വീട്ടുജോലി എന്നു രണ്ടു കൂട്ടർക്കും മനസ്സിലാവുക! സ്ത്രീവിമോചനം പൂർത്തിയാവുക പുരുഷന്മാരിൽ അല്പം 'സ്ത്രൈണത' കലർന്നുകിട്ടുമ്പോൾ ആണത്രേ! അതിനാൽ എല്ലാത്തരം സ്കൂളുകളിലെയും പാഠ്യപദ്ധതികളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരുപോലെ വീട്ടുപണിപ്പരിശീലനംകൂടി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടുന്നവർ ജർമനിയിൽ കുറവല്ല.

എന്തിന് ജർമനിയിൽ? അമേരിക്കയിലും ഈ അഭിപ്രായക്കാർ ധാരാളമുണ്ട്. 'ഗൃഹം എന്ന വ്യവസായം' എങ്ങനെ ചെലവും സമയവും ചുരുക്കി നടത്താമെന്നതു സംബന്ധിച്ച ധാരാളം പ്രചാരമുള്ള ഒരു പുസ്തകം എഴുതിയ ഡോൺ അസ്ലെററ് എന്ന അമേരിക്കക്കാരൻ പറയുന്നതു്, അമേരിക്കയിൽ വീട്ടുപണികളിൽ തൊണ്ണൂറു ശതമാനവും സൃഷ്ടിക്കുന്നതു പുരുഷന്മാരും കുട്ടികളും ആണെന്നും ഈ പണികളിൽ തൊണ്ണൂറു ശതമാനവും ചെയ്യുന്നതു സ്ത്രീകളാണെന്നുമത്രേ. 'ചളിയും ചപ്പുചവറുകളും വൃത്തികേടുമല്ലാതെ വേറെ എന്താണു ഭർത്താവിൽനിന്നും കുട്ടികളിൽനിന്നും പ്രതീക്ഷിക്കാനുള്ളതു്?' എന്ന് അദ്ദേഹം ചോദിക്കുന്നു.

വീട്ടുപണികളിൽ ഭർത്താവിൽനിന്നു സഹായം കിട്ടണമെങ്കിൽ സ്ത്രീകൾ എന്തുചെയ്യണം? ഡോൺ അസ്ലെററ് പറയുന്നതു് സ്ത്രീകൾ കുറേ ദിവസത്തേക്കു രോഗം നടിച്ചു കിടക്കുകയോ ഒളിവിൽ പോവുകയോ വേണമെന്നാണ്. കണ്ടാൽ അറിയാത്ത ഭർത്താവു കൊണ്ടാൽ അറിയും!

അതൊക്കെ അമേരിക്കയിൽ. വീട്ടുപണികളിൽ യഥാശക്തി സഹകരിക്കുന്ന പുരുഷന്മാരെ ഞങ്ങളുടെ ഉൾനാട്ടിൽ ഉള്ളവർ 'അച്ചിക്കോന്തന്മാർ' എന്നാണ് ഇന്നോളം വിളിച്ചുവന്നതു്. ഇനിയും അവരെ ഞങ്ങൾ അങ്ങനെയേ വിളിക്കൂ!

(7 ഫെബ്രുവരി, 1988)

○○